# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 21

# വാർത്താക്കുറിപ്പ് – 1

---

**എം.ജി. സർവകലാശാലയിൽ യോഗ ദിനാചരണം**

## ആത്മവിശ്വാസം വളർത്താൻ യോഗ സഹായിക്കും: അഡ്വ. പി.കെ. ഹരികുമാർ

രോഗഗ്രസ്ഥമായ സ്ഥിതിയിൽ നിന്ന് കരകയറാനും ആത്മവിശ്വാസം വർധിപ്പിക്കാനും യോഗ സഹായകമാകുമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ. സർവകലാശാല നാഷണൽ സർവീസ് സ്കീം, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, സെന്റർ ഫോർ യോഗ ആന്റ് നാച്ചറോപ്പതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അമലഗിരി ബി.കെ. കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച അന്തർദ്ദേശീയ യോഗ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് യോഗ ദിന സന്ദേശം നൽകി. ഡോ. എം.ആർ. ഗോപാലകൃഷ്ണൻ നായർ, ഡോ. ജോബിൻ ജോസ് എന്നിവർ രചിച്ച പുസ്തകത്തിന്റെ പ്രകാശനം സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് നിർവഹിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്യാസ്, പ്രിൻസിപ്പൽ ഡോ. ലീന മാത്യു, സെന്റർ ഫോർ യോഗ ആന്റ് നാച്ചറോപ്പതി ഡയറക്ടർ ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ എന്നിവർ പ്രസംഗിച്ചു. ആലുവ സ്കൂൾ ഓഫ് ദി ബ്ലൈൻഡ് വിദ്യാർഥികളുടെ പ്രത്യേക യോഗ പ്രദർശനവും കുറവിലങ്ങാട് ദേവമാതാ യോഗ സെന്ററിന്റെ ഗുരുവന്ദനവും നടന്നു. യോഗ പ്രദർശനത്തിന് ആർ. സഞ്ജയാനന്ദ്, സുരേഷ് ബാബു മാധവൻ എന്നിവർ നേതൃത്വം നൽകി. എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലും യോഗ ദിനാചരണം സംഘടിപ്പിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീം, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, സെന്റർ ഫോർ യോഗ ആന്റ് നാച്ചറോപ്പതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അമലഗിരി ബി.കെ. കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച അന്തർദ്ദേശീയ യോഗ ദിനാചരണം സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1167/2019)

## പുതുക്കിയ പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി.യുടെ (4 പി.എം.-9 പി.എം. സപ്ലിമെന്ററി) ജൂൺ 21, 24, 26 തീയതികളിൽ നടത്താനിരുന്ന പരീക്ഷകൾ യഥാക്രമം ജൂലൈ അഞ്ച്, എട്ട്, 10 തീയതികളിൽ നടത്തുന്നതിന് പുതുക്കി നിശ്ചയിച്ചു. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/1168/2019)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.സി.എ./ബി.എസ്‌സി. സി.എ. (2013, 2014, 2015, 2016 അഡ്മിഷൻ) സി.ബി.സി.എസ്.എസ്. യു.ജി. മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 27ന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1169/2019)

രണ്ടാം സെമസ്റ്റർ ബി.എസ്‌സി. ബയോടെക്‌നോളജി കോംപ്ലിമെന്ററി മൈക്രോബയോളജി (സി.ബി.സി.എസ്. റഗുലർ/സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 27 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1170/2019)

ഒന്നാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി(മേഴ്‌സി ചാൻസ്) ബി.എസ്‌സി. മൈക്രോബയോളജി ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ മൂന്നിന് മാറമ്പള്ളി എം.ഇ.എസ്. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1171/2019)

രണ്ടാം സെമസ്റ്റർ ബി.എസ്‌സി. മൈക്രോബയോളജി (സി.ബി.സി.എസ്. റഗുലർ/സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ രണ്ടുമുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1172/2019)

## പരീക്ഷഫലം

2017 ഏപ്രിലിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1173/2019)

## പി.എച്ച്.ഡി. നൽകി

ഫാർമസിയിൽ പി.ജി. സിന്ധുമോൾ, എജ്യൂക്കേഷനിൽ പ്രതീഷ് എബ്രഹാം, ഹോം സയൻസിൽ സൂസൻ ചെറിയാൻ, ബയോകെമിസ്ട്രിയിൽ എം.എസ്. ഇന്ദു, എസ്. അഭിലാഷ്, റ്റോം കെ. മാത്യു, മാത്തമാറ്റിക്‌സിൽ മിനി എസ്. തോമസ്, ശാലിനി എസ്. നായർ, ജീന ജോയി, എൻവയോൺമെന്റൽ സയൻസസിൽ ജെസ്മി യൂസഫ്, എം. സൗമ്യ, കമ്പ്യൂട്ടർ സയൻസസിൽ ധന്യ ജോബ്, കെമിസ്ട്രിയിൽ ദിവ്യ എസ്. നായർ, ഇക്കണോമിക്‌സിൽ കെ.ബി. വിനിത, വന്ദന അരവിന്ദൻ, വിൻസൺ തോമസ്, എസ്. പാർവതി, കൊമേഴ്‌സിൽ ആശിഷ് വർഗീസ്, എം. സ്മിത മാത്യു, ജോൺ മേജർ തോമസ്, ഇംഗ്ലീഷിൽ ടോം തോമസ്, എസ്.ബി. കാർത്തിക, ഹർഷ വിശ്വനാഥ്, സോഷ്യോളജിയിൽ പി.എ. റഹീന, മലയാളത്തിൽ പി. പ്രിയമോൾ, പി.എൻ. സിന്ധു, സുപ്രിയ എസ്. നായർ എന്നിവർക്ക് പി.എച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

(പി.ആർ.ഒ./39/1174/2019)

## സഹകരണ ബാങ്ക് ക്ലർക്ക് പരീക്ഷ പരിശീലനം; സീറ്റൊഴിവ്

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക് സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലർക്ക് തസ്തികകളിലേക്കുള്ള നിയമനത്തിനായി കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്കുള്ള തീവ്ര പരിശീലന പരിപാടി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. സർവകലാശാല കാമ്പസിൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ വിശദവിവരത്തിന് 0481-2731025 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണം.

(പി.ആർ.ഒ./39/1175/2019)

## എം.ജി.യിൽ എം.പി.ഇ.എസ്. പ്രവേശനം; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് (എം.പി.ഇ.എസ്.) പ്രോഗ്രാമിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. സർവകലാശാല അംഗീകരിച്ച ബി.പി.ഇ., ബി.പി.എഡ്./ഡി.പി.എഡ്. (ഒരു വർഷം ദൈർഘ്യമുള്ളത്) ആണ് യോഗ്യത. 2019 ജൂലൈ ഒന്നിന് 25 വയസ് തികയരുത്. എസ്.സി./എസ്.ടി. വിഭാഗത്തിന് ഇളവ് ലഭിക്കും. എഴുത്തുപരീക്ഷയുടെയും ശാരീരികക്ഷമത പരീക്ഷയുടെയും മറ്റു നേട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് പ്രവേശനം.

എഴുത്തുപരീക്ഷ ജൂലൈ എട്ടിന് രാവിലെ 10ന് സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ നടക്കും. ശാരീരിക ക്ഷമതാ പരീക്ഷയും ഗെയിം പ്രൊവിഷൻസി പരീക്ഷയും ജൂലൈ ഒൻപതിന് നടക്കും. അപേക്ഷഫോമും ഫിറ്റ്നസ് സർട്ടിഫിക്കറ്റും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ജൂൺ 26 വരെ അപേക്ഷ സ്വീകരിക്കും. ജനറൽ വിഭാഗക്കാർക്ക് 1000 രൂപയും എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 500 രൂപയുമാണ് ഫീസ്. ഓൺലൈനായാണ് രജിസ്ട്രേഷൻ ഫീസടയ്ക്കേണ്ടത്.

ഓൺലൈൻ പേയ്മെന്റ് രസീതും യോഗ്യത രേഖകളും സഹിതം അപേക്ഷ 'ഡയറക്ടർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ്, മഹാത്മാ ഗാന്ധി സർവകലാശാല, പി.ഡി. ഹിൽസ് പി.ഒ., കോട്ടയം- 686560' എന്ന വിലാസത്തിൽ നൽകണം. വിശദവിവരത്തിന് ഫോൺ: 0481-2732368.

(പി.ആർ.ഒ./39/1176/2019)

## കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം ഇന്ന് (ജൂൺ 22)

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ സംയുക്തയോഗം ഇന്ന് (ജൂൺ 22) രാവിലെ 10.30ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കും. പ്രിൻസിപ്പൽമാർ നിർബന്ധമായും പങ്കെടുക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ./39/1177/2019)

## എൻ.എസ്.എസ്. യോഗം ഇന്ന് (ജൂൺ 22)

നാഷണൽ സർവീസ് സ്കീമിന്റെ സുവർണ ജൂബിലി വർഷമായ 2019-20ലെ കർമ്മ പരിപാടികളും 'എൻ.എസ്.എസും പ്രിൻസിപ്പൽമാരും' എന്ന വിഷയവും ചർച്ച ചെയ്യുന്നതിനായി ഇന്ന് (ജൂൺ 22) മഹാത്മാ ഗാന്ധി സർവകലാശാലക്കു കീഴിൽ എൻ.എസ്.എസ്. യൂണിറ്റുകളുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം നടക്കും. ഉച്ചകഴിഞ്ഞ് 1.30 മുതൽ മൂന്നുവരെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിലാണ് യോഗം.

(പി.ആർ.ഒ./39/1178/2019)

## എം.ജി. സർവകലാശാലയും നാട്ടും ഒരുമിച്ചോടി; സാക്ഷരതയിൽ കോട്ടയം ഒന്നാമതായി

കോട്ടയം ഗാന്ധി സ്ക്വയറിൽനിന്ന് കെ.കെ. റോഡ് വഴി മാമൻ മാപ്പിളഹാളിലേക്ക് മഹാത്മാഗാന്ധി സർവകലാശാല വൈസ്ചാൻസലറായിരുന്ന പ്രൊഫ. യു.ആർ. അനന്തമൂർത്തിയുടെ നേതൃത്വത്തിൽ നടന്ന ചരിത്രക്കൂട്ടയോട്ടത്തിന് മുപ്പതു വയസ്. നൂറു ദിവസം കൊണ്ട് നൂറുശതമാനം സാക്ഷരത നേടിയ രാജ്യത്തെ ആദ്യനഗരമെന്ന ഖ്യാതിയിലേക്ക് കോട്ടയത്തിന് ഓടിക്കയറാൻ കുതിപ്പേകിയ ജനബോധന സാക്ഷരത യജ്ഞത്തിന്റെ തുടക്കമായിരുന്നു 1989 മാർച്ച് നാലിലെ കൂട്ടയോട്ടം.

നെഹ്റു ജന്മശതാബ്ദിയുടെ ഭാഗമായാണ് മഹാത്മാഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീം കോട്ടയം നഗരത്തെ സമ്പൂർണ സാക്ഷരതയിലേക്ക് നയിക്കാനായി ജനബോധന സാക്ഷരത യജ്ഞമെന്ന പദ്ധതി മുന്നോട്ടുവച്ചത്. സർവകലാശാലയും നഗരസഭയും സംയുക്തമായി യജ്ഞം നടപ്പാക്കി. ജില്ലാ ഭരണകൂടം പിന്തുണയേകി. 100 ദിവസം കൊണ്ട് നൂറുശതമാനം സാക്ഷരത കൈവരിക്കുക, നഗരത്തിലെ 2208 നിരക്ഷരരെ സാക്ഷരരാക്കുക എന്നിവയായിരുന്നു ലക്ഷ്യം.

'ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക്' എന്ന പേരിൽ നടത്തിയ കൂട്ടയോട്ടത്തിൽ അന്നത്തെ നഗരസഭാധ്യക്ഷൻ മാണി അബ്രഹാം, ജില്ലാ കളക്ടർ അൽഫോൺസ് കണ്ണന്താനം, എസ്.പി. വി.ആർ.

രജീവൻ, കാൻഫെഡ് സെക്രട്ടറി പി.എൻ. പണിക്കർ, ഡി.സി. കിഴക്കേമുറി, സർവകലാശാല എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ ഡോ. സി. തോമസ് എബ്രഹാം, സി.എം.എസ്., ബി.സി.എം., ബസേലിയസ്, നാട്ടകം ഗവൺമെന്റ് കോളജ് എന്നിവിടങ്ങളിലെ പ്രിൻസിപ്പൽമാർ, നഗരസഭ കൗൺസിലർമാർ, എൻ.എസ്.എസ്. വോളണ്ടിയർമാർ, പ്രോഗ്രാം ഓഫീസർമാർ, വിദ്യാർഥികൾ തുടങ്ങി രണ്ടായിരത്തിലധികം പേർ പങ്കാളികളായി.

രാവിലെ 10ന് തിരുനക്കര മൈതാനത്ത് വൈസ്ചാൻസലർ പ്രൊഫ. യു.ആർ. അനന്തമൂർത്തി നൽകിയ സാക്ഷരത പതാക ഭിന്നശേഷിക്കാരനായ സുകുമാരൻ ഉയർത്തിയതോടെയാണ് യജ്ഞത്തിനു തുടക്കമായത്. 10.30ന് ഗാന്ധി പ്രതിമ ചുറ്റി കൂട്ടയോട്ടം ആരംഭിച്ചു. വൈസ്ചാൻസലറും നഗരസഭ ചെയർമാനും കളക്ടറും എസ്.പി.യുമൊക്കെ സാക്ഷരതയ്ക്കായി ഒരുമിച്ചോടിയത് നാടിനാകെ അന്നു കൗതുകമായിരുന്നു. സർവകലാശാലയുടെ അതിഥിയായി കോട്ടയത്ത് എത്തിയ ലണ്ടൻ കിങ്സ് കോളജിലെ പ്രൊഫസർ റിച്ചാർഡ് സൊറാബ്ജിയും കൂട്ടയോട്ടത്തിൽ ആകൃഷ്ടനായി സജീവ പങ്കാളിയായി.

കൂട്ടയോട്ടത്തിൽ പങ്കെടുത്ത മികച്ച ടീമുകൾക്ക് ട്രോഫിയും ഏർപ്പെടുത്തിയിരുന്നു. നഗരസഭയിലെ 17-ാം വാർഡും നാട്ടകം ഗവൺമെന്റ് കോളജുമാണ് സമ്മാനം നേടിയത്. യജ്ഞം തുടങ്ങുന്നതിന്റെ ഭാഗമായി കോട്ടയത്തെ 32 വാർഡുകളിലും കൗൺസിലർമാരുടെ നേതൃത്വത്തിൽ അന്നേദിവസം സാക്ഷരത പതാകയുയർത്തിയിരുന്നു.

മാമൻ മാപ്പിള ഹാളിൽ കേന്ദ്രമന്ത്രിയായിരുന്ന എം.എം. ജേക്കബാണ് സാക്ഷരത യജ്ഞത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. നൂറുദിവസം നീണ്ട ജനബോധന സാക്ഷരത യജ്ഞത്തിലൂടെയാണ് 1989 ജൂൺ 25ന് കോട്ടയം സമ്പൂർണ സാക്ഷരതയെന്ന മഹത്തായ നേട്ടം കൈവരിച്ചത്. കേന്ദ്ര വിദ്യാഭ്യാസ ഉപമന്ത്രിയായിരുന്ന എൻ.പി. സാഹിയാണ് പ്രഖ്യാപനം നടത്തിയത്. മുഖ്യമന്ത്രിയായിരുന്ന ഇ.കെ. നായനാർ, മന്ത്രിമാർ എന്നിവർ പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു. നേട്ടത്തിന് ജൂൺ 25ന് 30 വയസു തികയുന്നു. സാക്ഷരത നേട്ടത്തിന്റെ മുപ്പതാംവാർഷികം വിപുലമായി ആഘോഷിക്കാനൊരുങ്ങുകയാണ് മഹാത്മാഗാന്ധി സർവകലാശാല.

## ഫോട്ടോ ക്യാപ്ഷൻ

**കോട്ടയം നഗരത്തെ നൂറുശതമാനം സാക്ഷരമാക്കുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാലയുടെയും നഗരസഭയുടെയും നേതൃത്വത്തിൽ നടന്ന ജനബോധന സാക്ഷരത യജ്ഞത്തിന്റെ ഭാഗമായി 1989ൽ നടന്ന കൂട്ടയോട്ടത്തിൽനിന്ന് (ഫയൽ ചിത്രം)**

**കോട്ടയം നഗരത്തെ നൂറുശതമാനം സാക്ഷരമാക്കുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാലയുടെയും നഗരസഭയുടെയും നേതൃത്വത്തിൽ നടന്ന ജനബോധന സാക്ഷരത യജ്ഞത്തിന്റെ ഭാഗമായി വൈസ് ചാൻസലറായിരുന്ന പ്രൊഫ. യു.ആർ. അനന്തമൂർത്തി നിരക്ഷരയായ സ്ത്രീയ്ക്ക് അക്ഷരം പറഞ്ഞുകൊടുക്കുന്നു (ഫയൽ ചിത്രം)**

(പി.ആർ.ഒ./39/1179/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ